ഭരണഭാഷാ - മാതൃഭാഷ

എ 1 –774/2020

ജില്ലാ മെഡിക്കൽ ആഫീസ്
ഭാരതീയ ചികിത്സാ വകുപ്പ്
കോട്ടയം . തീയതി - 22/12/2020
ഫോൺ നം . 0481-2568118
ഇ-മെയിൽ . dmoismkottayam@gmail.com

ജില്ലാ മെഡിക്കൽ ആഫീസർ
ഭാരതീയ ചികിത്സാ വകുപ്പ്
കോട്ടയം

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : ഭാരതീയ ചികിത്സാ വകുപ്പ് - കോട്ടയം – ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ നാപ്കിൻ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് ദർഘാസ് ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന : ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 27/08/2020 ലെ സി2- 57/20 നമ്പർ നടപടിത്തീർപ്പ്

കോട്ടയം ജില്ലയിലെ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള ഗവ. ആയുർവേദ ആശുപത്രികളിൽ നാപ്കിൻ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് ആവശ്യമായ ദർഘാസ് ക്ഷണിക്കുന്നതിനുള്ള ദർഘാസ് പരസ്യം ഭാരതീയ ചികിത്സാ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം അയക്കുന്നു. ആയത് പ്രസിദ്ധീകരിക്കുന്നതിന് അപേക്ഷിച്ചു കൊള്ളുന്നു.

വിശ്വാസപൂർവ്വം

**ജില്ലാ മെഡിക്കൽ ആഫീസർ**
ഭാരതീയ ചികിത്സാ വകുപ്പ്
കോട്ടയം

ഭരണഭാഷാ - മാതൃഭാഷ

എ 1 –774/2020

ജില്ലാ മെഡിക്കൽ ആഫീസ്
ഭാരതീയ ചികിത്സാ വകുപ്പ്
കോട്ടയം . തീയതി - 22/12/2020
ഫോൺ നം . 0481-2568118
ഇ-മെയിൽ . dmoismkottayam@gmail.com

## ദർഘാസ് നോട്ടീസ്

ഭാരതീയ ചികിത്സാ വകുപ്പ് , കോട്ടയം ജില്ലാ മെഡിക്കൽ ആഫീസിന് കീഴിലുള്ള 8 ഗവ. ആയുർവേദ ആശുപത്രികളിൽ ( ഗവ. ആയുർവേദ ആശുപത്രി വൈക്കം, പാല, മീനടം, കോത്തല, കിടങ്ങൂർ, വെളിയന്നൂർ, തീക്കോയി) നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു.

| ITEM | SPECIFICATION | QUANTITY |
|---|---|---|
| **Sanitary Napkin Insinerator** | Automatic - Wall mountable.<br>capacity/day – 50 to 200 pads per day<br>Weight – Less than 20 Kg<br>Emision Standards<br>Complete burning of Napkins.<br>Only less than 1 gm ash per Napkin should be generated. The exhaust gas meets the muncipal solid waste management rules 2016/CPCB guidelines | 8 Nos |

ദർഘാസ് ഉൾകൊള്ളുന്ന കവർ 22/01/2021 ന് ഉച്ചയ്ക്ക് 1 മണിക്ക് മുമ്പ് ജില്ലാ മെഡിക്കലാഫീസിൽ ലഭിച്ചിരിക്കണം. കവറിന് പുറത്ത് **"ദർഘാസ് - ജില്ലാ മെഡിക്കൽ ആഫീസിന് കീഴിലുള്ള ആശുപത്രികളിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കൽ"** എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | | |
|---|---|---|
| ദർഘാസ് ഫോം വിൽക്കുന്ന തീയതി | - | 29/12/2020 മുതൽ |
| ദർഘാസ് ഫോം വിൽപ്പന അവസാനിക്കുന്ന തീയതി | - | 22/01/2021 രാവിലെ 12 മണി വരെ |
| ദർഘാസ് ഫോം തുറക്കുന്ന തീയതി | - | 22/01/2021 ഉച്ചയ്ക്ക് 2 മണിക്ക് |
| ദർഘാസ് ഫോറത്തിന്റെ വില | - | 600/- രൂപ + 18 % GST |
| ആകെ അടങ്കൽ തുക | - | 259505/- |
| നിരതദ്രവ്യം | - | 2595/- |
| പെർഫോമൻസ് സെക്യൂരിറ്റി | - | ആകെ തുകയുടെ 5% |

(മറുപുറം)

ദർഘാസ് ഫോറങ്ങൾ അവയുടെ വിലയും നിശ്ചിത നിരക്കിലുള്ള GST യും അടച്ച് കോട്ടയം ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും വാങ്ങാവുന്നതാണ്. പൂരിപ്പിച്ച ദർഘാസുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, കോട്ടയം -ത്തിന്റെ പേരിൽ മാറാവുന്ന ഡി ഡി ആയി ദർഘാസിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. ദർഘാസ് ഫോം വെട്ടിത്തിരുത്തൽ വരാതെ പൂരിപ്പിക്കേണ്ടതാണ്. അഥവാ വെട്ടിത്തിരുത്തൽ വേണ്ടി വന്നാൽ ആയത് ദർഘാസ് ഉടമ തന്നെ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മേൽ നിബന്ധനകൾക്ക് വിധേയമല്ലാതെ ലഭിക്കുന്ന ദർഘാസുകൾ നിരുപാധികം തള്ളിക്കളയുന്നതാണ്.

ഈ ദർഘാസ് സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനും/നിർത്തി വക്കുന്നതിനും മറ്റുമുള്ള പരിപൂർണ്ണ അധികാരം ജില്ലാ മെഡിക്കൽ ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസുമായി (ഭാരതീയ ചികിത്സാ വകുപ്പ്) 10 എ.എം മുതൽ 5 പി.എം വരെ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ - 0481-2568118

**ജില്ലാ മെഡിക്കൽ ആഫീസർ**
ഭാരതീയ ചികിത്സാ വകുപ്പ്
കോട്ടയം